## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4858 | 21.10.2011ൽ മറുപടിയ്ക്ക് |
|---|---|
| **കേരള വനിതാ കമ്മീഷന്റെ നേതൃത്വത്തിൽ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായുള്ള സർവ്വേയും പഠനങ്ങളും** | |
| **ചോദ്യം** | **ഉത്തരം** |
| ശ്രീ. ഇ. പി. ജയരാജൻ<br>ശ്രീ. എസ്. ശർമ്മ<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ<br>ശ്രീ. എം. ഹംസ | **ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)** |
| (എ) കേരള വനിതാ കമ്മീഷന്റെ നേതൃത്വത്തിൽ പട്ടികവർഗ്ഗ വികസനവകുപ്പിന്റെ സഹായത്തോടെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായുള്ള സർവ്വേയും പഠനങ്ങളും നടത്തിയിട്ടുണ്ടോ ;<br>(ബി) സർവ്വേയിലും പഠനങ്ങളിലും വെളിവായിട്ടുള്ള വസ്തുതകൾ വിശദമാക്കാമോ ;<br>(സി) അവിവാഹിതകളായ അമ്മമാരെ സംബന്ധിച്ച് ലഭിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ? | (എ)യും (ബി)യും (സി) യും<br>ഉണ്ട്. അവിവാഹിതരായ ആദിവാസി അമ്മമാർക്ക് സമൂഹത്തിൽ നേരിടേണ്ടി വരുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും സംബന്ധിച്ച് കേരള വനിതാ കമ്മീഷൻ പഠനം നടത്തിയിട്ടുണ്ട്. അവിവാഹിതരായ അമ്മമാരിൽ അധികവും ചെറുപ്പക്കാരും പ്രാഥമിക വിദ്യാഭ്യാസം മാത്രം ഉള്ളവരോ നിരക്ഷരരോ ആണ്. അവിവാഹിതരായ ആദിവാസി അമ്മമാരിൽ ഭൂരിപക്ഷവും അസംഘടിത മേഖലയിൽ ജോലി ചെയ്യുന്നവരാണ്. അവരിൽ ന്യൂനപക്ഷം മാത്രമേ കർഷകത്തൊഴിലാളികളായി ഉള്ളൂ. അവർക്കോ അവരുടെ കുടുംബത്തിനോ കഴിഞ്ഞുപോകുവാനുള്ള മതിയായ വരുമാനം പോലുമില്ല. അവരിൽ ഭൂരിപക്ഷം അമ്മമാരും 50 രൂപ ദിവസ വേതനക്കാരാണ്. ഒരു വർഷം ശരാശരി 90 ദിവസം ജോലി ചെയ്യുന്ന അവരിൽ അധികം പേരും കുട്ടികളോടൊപ്പം ഒറ്റയ്ക്ക് താമസിക്കുന്നവരാണ്. ആദിവാസി വനിതകൾ വഞ്ചിതരാകുന്നതിന്റെ പ്രധാന കാരണം ദാരിദ്ര്യവും കടബാധ്യതയുമാണ്. ലൈംഗിക ചൂഷണമാണ് ഇത്തരം വനിതകൾ അഭിമുഖീകരിക്കുന്ന മറ്റൊരു |

| | | |
|---|---|---|
| | | പ്രധാന പ്രശ്നം. ആദിവാസി വനിതകളിലധികവും ലൈംഗിക ചൂഷണത്തിന് വിധേയരായവരാണ്. ആവശ്യമായ ബോധവത്ക്കരണം ഇല്ലായ്മയാണ് ഇത്തരം ചൂഷണത്തിലേക്ക് ഇവരെ നയിക്കുന്നത്. |

സെക്ഷൻ ഓഫീസർ